**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1639** **28-07-2021 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ റേഷൻ കാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല മണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളിലായി നിലവിൽ എത്ര റേഷൻ കാർഡുകളാണ് ഉള്ളതെന്നും അവയിൽ അന്ത്യോദയ അന്ന യോജന, മുൻഗണന, മുൻഗണനേതര സബ്സിഡി, മുൻഗണനേതര എന്നിങ്ങനെ എത്രയെന്നും തരംതിരിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | പാറശ്ശാല മണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളിലായി നിലവിലുള്ള റേഷൻ കാർഡുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പട്ടികയിൽ നിന്നും നിലവിൽ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട എത്ര റേഷൻ കാർഡ് ഉടമകൾ ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് കാർഡ് മാറ്റുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര അപേക്ഷകർക്ക് ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് റേഷൻ കാർഡ് മാറ്റി നൽകിയിട്ടുണ്ടെന്നും പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റശേഖരമംഗലം പഞ്ചായത്തിൽ നിന്നും 289 അപേക്ഷകളും ആര്യൻകോട് പഞ്ചായത്തിൽ നിന്നും 375 അപേക്ഷകളും കള്ളിക്കാട് പഞ്ചായത്തിൽ നിന്നും 236 അപേക്ഷകളും അമ്പൂരി പഞ്ചായത്തിൽ നിന്നും 324 അപേക്ഷകളും കൊല്ലയിൽ പഞ്ചായത്തിൽ നിന്നും 180 അപേക്ഷകളും, കുന്നത്തുകാൽ പഞ്ചായത്തിൽ നിന്നും 206 അപേക്ഷകളും പാറശ്ശാല പഞ്ചായത്തിൽ നിന്നും 510 അപേക്ഷകളും പെരുങ്കടവിള പഞ്ചായത്തിൽ നിന്നും 219 അപേക്ഷകളും വെള്ളറട പഞ്ചായത്തിൽ നിന്നും 198 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ലഭ്യമായ മുഴുവൻ അപേക്ഷകളും പരിശോധിച്ച് അർഹരായവർക്ക് ഒഴിവിന്റെയും, മാർക്കിന്റെ മുൻഗണനാ ക്രമത്തിന്റെയും അടിസ്ഥാനത്തിൽ conversion module open ആകുന്ന മുറയ്ക്ക് മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റി നൽകുന്നതാണ്. |
| (സി) | അർഹരായ മുഴുവൻ അപേക്ഷകരുടെയും റേഷൻ കാർഡുകൾ ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റി നൽകുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | നിലവിൽ പുതിയ റേഷൻ കാർഡ് അനുവദിക്കുന്നത് NP(NS) കാർഡ് ആയിട്ടാണ്. മുൻഗണന വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കുന്നപക്ഷം അദാലത്ത് നടത്തി നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരുടെയും, ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 - ഓ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്ന |

| | | | |
|---|---|---|---|
| | | | കുടുംബങ്ങളുടെയും സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. സംസ്ഥാനത്തിന് മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്. ആയതിനാൽ അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽ നിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| **ഗ്രാമപഞ്ചായത്തുകൾ** | **ആകെ കാർഡുകളുടെ എണ്ണം** | **അന്ത്യോദയ അന്നയോജന** | **പി.എച്ച്.എച്ച്** | **മുൻഗണനേതര സബ്സിഡി** | **മുൻഗണനേതര നോൺ സബ്സിഡി** |
|---|---|---|---|---|---|
| കൊല്ലയിൽ | 9265 | 424 | 3643 | 1547 | 3651 |
| കന്നത്തുകാൽ | 13065 | 638 | 5132 | 2363 | 4932 |
| പാറശ്ശാല | 18706 | 774 | 6686 | 3577 | 7669 |
| പെരുങ്കടവിള | 8853 | 423 | 3898 | 1284 | 3248 |
| വെള്ളറട | 15627 | 880 | 5962 | 3263 | 5522 |
| ഒറ്റശേഖരമംഗലം | 7115 | 370 | 3355 | 1083 | 2307 |
| ആര്യങ്കോട് | 8827 | 459 | 3748 | 1401 | 3219 |
| കള്ളിക്കാട് | 5138 | 437 | 2235 | 709 | 1757 |
| അമ്പൂരി | 6132 | 988 | 2105 | 1042 | 1997 |
| **ആകെ** | **92728** | **5393** | **36764** | **16269** | **34302** |

**സെക്ഷൻ ഓഫീസർ**